(ബി) പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന ഈ സാഹചര്യത്തിൽ അടിയന്തിരമായി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകളിൽ പ്രമോഷൻ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നേരത്തെ നിലവിലുണ്ടായിരുന്ന ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഉ. ജി4/61044/01 ഉത്തരവുപ്രകാരം നികത്തിയിട്ടുണ്ട്. ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ പ്രമോഷൻ വഴി നിയമനം നടത്തുവാൻ വേണ്ട നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഡ്രൈവർമാരെ പിരിച്ചുവിട്ട നടപടി

145 [5290] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ അഞ്ച് വർഷത്തിലധികം തുടർച്ചയായി ജോലി ചെയ്തു വന്നിരുന്ന ഡ്രൈവർമാരെ (ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്) പിരിച്ചുവിട്ട് താൽക്കാലിക ഡ്രൈവർമാരെ നിയമിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഉത്തരവനുസരിച്ച് നിലവിൽ എത്ര പേരെ പിരിച്ചുവിടുകയുണ്ടായി; ഇവരുടെ പേരുവിവരം വ്യക്തമാക്കാമോ;

(സി) ടി ഡ്രൈവർമാരെ പിരിച്ചുവിട്ടതിനുശേഷം താൽക്കാലികമായി എത്ര പേരെ നിലവിൽ നിയമിച്ചിട്ടുണ്ട്; അവരുടെ പേരുവിവരം വ്യക്തമാക്കാമോ;

(ഡി) ആരോഗ്യ വകുപ്പിൽ അഞ്ച് വർഷത്തിലധികം തുടർച്ചയായി ജോലി ചെയ്തിരുന്ന ഡ്രൈവർമാരെ നിലനിർത്തിക്കൊണ്ടു മാത്രമേ പുതിയ ഒഴിവുകൾ നികത്താൻ പാടുള്ളൂവെന്ന ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ഹൈക്കോടതി വിധിക്ക് കടകവിരുദ്ധമായി ചെയ്തിട്ടുള്ള നിയമനങ്ങൾ റദ്ദു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 5 വർഷത്തിലധികം തുടർച്ചയായി ജോലി ചെയ്തു വന്നിരുന്ന ഡ്രൈവർമാരാരെയും പിരിച്ചുവിട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇത്തരത്തിലുള്ള ഉത്തരവുകളൊന്നും ഹൈക്കോടതിയിൽ നിന്നും വഭിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly